**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **24-02-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസനത്തിന് മത്സ്യബന്ധന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കുന്നതിന് മത്സ്യബന്ധന വകുപ്പ് വഴി നടപ്പാക്കുന്ന 8300 കോടിയോളം രൂപയുടെ പദ്ധതികൾ അവലോകനം നടത്തിയിരുന്നോ; ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഫിഷറീസ് വകുപ്പിൽ, തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കും എന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീരദേശത്ത്കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി. 2450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതവുമാണ്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 998.6 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 796.54 കോടി രൂപയും മൂന്നാം ഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 654.85 കോടി രൂപയുമാണ് വകയിരുത്തുന്നത്. പദ്ധതി പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 11146 കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 8153 കുടുംബങ്ങൾ 50 മീറ്റർ വേലിയേറ്റ രേഖയിൽ നിന്നും മാറി താമസിക്കുന്നതിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2208 കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്യുകയും 1770 കുടുംബങ്ങൾ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും 1093 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 276 കുടുംബങ്ങൾ ഫ്ളാറ്റുകളിലേയ്ക്ക് താമസമാക്കുകയും ചെയ്തിരിക്കുന്നു. വിവിധ ജില്ലകളിലായി 818 ഫ്ളാറ്റുകൾ പല ഘട്ടങ്ങളിലായി നിർമ്മാണത്തിലാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന 649.27 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു . 1. തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം - 66.35 കോടി രൂപ 2. 51 മാർക്കറ്റുകളുടെ നവീകരണം - 120.57 കോടി രൂപ 3. തീരസംരക്ഷണ പദ്ധതികൾ - 232 കോടി രൂപ 4. ഹാർബർ നിർമ്മാണം - 230.43 കോടി രൂപ പ്രസ്തുത പാക്കേജുകൾ പ്രകാരം ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 30.2426 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 1684.72 കോടി രൂപ വകയിരുത്തുകയും 1533.89 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു) ഓഖി പാക്കേജിൽ ഉൾപ്പെടുത്തി ഹാർബറുകളുടെ നവീകരണ വികസന പ്രവർത്തനങ്ങൾക്കായി 54.70കോടി രൂപയുടെ പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നു. ഇതിനെല്ലാം പുറമെ ഫിഷറീസ് വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തീരദേശത്തിന്റെ വികസനത്തിനായി റോഡുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ തീരദേശത്തെ സമഗ്ര വികസനത്തിനായി ആരോഗ്യ വകുപ്പ് മുഖാന്തിരം കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി തീരദേശ ആശുപത്രികളുടെ നവീകരണവും ജലസേചന വകുപ്പ് മുഖാന്തിരം തീരസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ സ്കൂളുകൾക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാളിതുവരെ 12.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 33.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം തീരപ്രദേശ റോഡുകളുടെ നവീകരണത്തിനായി | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ |

| | | | |
|---|---|---|---|
| | നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; എത്ര റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്; | | റോഡുകളുടെ നവീകരണത്തിനായി 153 റോഡ് പ്രവൃത്തികൾക്ക് 7954.90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ ടി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭ്യമായി പുരോഗമിച്ചുവന്ന റോഡു പ്രവൃത്തികൾ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 139 റോഡുപ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ? | (സി) | ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന വിവിധ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം 2ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## NABARD RIDF Works Abstract

(Rs in lakhs)

| Sl.No | Tranche | No. of projects | Status | AS amount | RIDF share | State share | Expenditure |
|---|---|---|---|---|---|---|---|
| 1 | XXII | 11 | 8 completed, 3 in progress | 3174.00 | 2899.2 | 274.80 | 2399.77 |
| 2 | XXIII | 4 | 3 completed, 1 dropped | 1443.38 | 1276.34 | 167.04 | 624.49 |
| 3 | XXV | 3 | 1 work started, 1 work to start & 1 work site issue | 2434.56 | 2312.83 | 121.73 | 0 |
| 4 | XXVI | 4 | 2 works tendered, 2 CRZ awaited | 2966.17 | 2817.86 | 148.31 | 0 |
| | Total | 22 | Total 22 works- 11 completed, 4 in progress, 6 to start, 1 dropped | 10018.11 | 9306.23 | 711.88 | 3024.26 |

## അനുബന്ധം - 1

ഫിഷറീസ് വകുപ്പ് 2016-17 മുതൽ 2021-22 FEB 20 വരെയുള്ള **sector-wise** തുക വകയിരുത്തലും ചെലവഴിക്കലും

(തുക കോടിയിൽ)

| ക്രമ നം | ഘടകം | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | ആകെ (2016- 17 മുതൽ 2022 ഫെബ്രുവരി 20 വരെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് . 2022 ഫെബ്രുവരി 20 വരെ | വകയിരുത്തൽ | ചെലവഴിച്ചത് |
| | **ഉൾനാടൻ** | | | | | | | | | | | | | | |
| 1 | **ഉൾനാടൻ മത്സ്യബന്ധനവും മത്സ്യ കൃഷിയും** | 36.49 | 39.77 | 48.88 | 45.02 | 76.40 | 46.27 | 109.05 | 56.07 | 92.69 | 88.24 | 93.12 | 70.091 | 456.63 | 345.461 |
| 2 | **തീരദേശ വികസനം** | | | | | | | | | | | | | | |
| 2.1 | മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതിയും | 245.96 | 248.45 | 229.60 | 253.42 | 265.46 | 220.30 | 109.60 | 128.07 | 90.00 | 124.96 | 92.00 | 110.92 | 1032.62 | 1086.12 |
| 2.2 | സമുദ്ര മത്സ്യ മേഖല | 5.00 | 5.19 | 8.60 | 5.57 | 13.07 | 9.43 | 30.00 | 6.14 | 23.00 | 13.37 | 19.00 | 8.98 | 98.67 | 48.68 |
| 2.3 | ആർ.ഐ.ഡി.എഫ് | 12.40 | 20.01 | 20.00 | -37.48 | 25.00 | 18.18 | 25.00 | 18.36 | 23.99 | 10.52 | .. | .. | 106.39 | **104.55** |
| 2.4 | മത്സ്യ വിപണനം | 4.00 | 4.00 | 4.00 | 0 | 4.00 | 2.10 | 2.00 | 0.59 | 1.50 | 1.42 | 1.50 | 1.35 | 17.00 | **9.46** |
| **തീരദേശ വികസനം ആകെ** | | 267.36 | 277.64 | 262.20 | 296.47 | 307.53 | 250.01 | 166.60 | 153.16 | 150.27 | | | | 1142.18 | 1127.55 |

അനുബന്ധം-1

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിജ്ഞാന വ്യാപനം | | | | | | | | | | | | | | |
| 3 | വിജ്ഞാന വ്യാപനം | 5.96 | 5.79 | 5.51 | 6.39 | 5.51 | 2.57 | 4.50 | 1.61 | 3.50 | 2.49 | 3.0 | 0.88 | 27.98 | 19.73 |
| | | | | | | | | | | | | | | | |
| 4 | കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | | | | | | | | | |
| 4.1 | (CSS 60 %) | | | | | | | | | | | | | | |
| 4.1.1 | ഉൾനാടൻ | 0 | 0 | 40.00 | 13.58 | 7.80 | 7.40 | 16.25 | 6.11 | 15.00 | 10.44 | | | 79.05 | 37.53 |
| 4.1.2 | തീരദേശ വികസനം | 0 | 0 | | 0 | | 0 | | 1.06 | | 3.54 | | | | 4.60 |
| CSS 60% ആകെ | | 0 | 0 | 40.00 | 13.58 | 7.80 | 7.40 | 16.25 | 7.17 | 13.98 | 78.00 | 34.00 | 157.05 | | 76.13 |
| 4.2 | CSS 75 % | 0 | 0 | 0 | 0 | 0 | 1.76 | 0 | 0.60 | 0 | 0 | | | 0 | 2.36 |
| | | | | | | | | | | | | | | | |
| 4.3 | CSS 100 % | | | | | | | | | | | | | | |
| 4.3.1 | എൻ.സി.ഡി.സി ധനസഹായം | 17.50 | 23.51 | 20.50 | 20.36 | 12.00 | 5.79 | 12.00 | 4.98 | 13.00 | 13.00 | 12.00 | 51.18 | 87.00 | 118.82 |
| ആകെ | | 327.31 | 346.71 | 377.09 | 381.82 | 409.24 | 313.79 | 308.40 | 223.59 | 267.98 | | | 1684.72 | | 1533.89 |

## അനുബന്ധം 2

### 1. തിരുവനന്തപുരം ജില്ല

- തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിലെ സീവേർഡ് പുലിമുട്ട് PWD റോഡുമായി ബന്ധിപ്പിക്കുന്ന 1.80 കി.മീ നീളമുള്ള ആഴാകുളം തുറമുഖം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 347.50 ലക്ഷം രൂപ ചെലവിലും, ലീവേർഡ് പുലിമുട്ട് PWD റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 65.40 ലക്ഷം രൂപ ചെലവിലും BMBC റോഡായി പുനർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ PWD റോഡുമായി ബന്ധിപ്പിക്കുന്ന 1.75 കി.മീ നീളമുള്ള ശിങ്കാരത്തോപ്പ് മുതലപ്പൊഴി റോഡ് BMBC റോഡായി നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് 123.70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

### 2. കൊല്ലം ജില്ല.

- കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ഫിഷറി ഹാർബറിനെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള റോഡ് നബാർഡ് XXVI പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### 3. ആലപ്പുഴ ജില്ല.

- ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ഫിഷിംഗ് ഹാർബർ മുതൽ എൻ.എച്ച് 66 ൽ ചേർത്തലവരെ ഏകദേശം 8 കി.മീ. ദൂരമാണുള്ളത്. ഇതിൽ ഏകദേശം 2 കി.മീ. നീളം റോഡ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലാണ്. ടി നീളത്തിൽ റോഡ് പുനർ

നിർമ്മിക്കുന്നതിനായി ഏകദേശം 2.00 കോടിയോളം രൂപ ആവശ്യമായിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ബാക്കി വരുന്ന 6 കി.മീ. റോഡ് PWD യുടെ അധീനതയിലാണ്.

- ആലപ്പുഴ ജില്ലയിലെ കാട്ടൂർ ഫിഷ് ലാന്റിംഗ് സെന്റർ മുതൽ എൻ.എച്ച് 66 ൽ കലവൂർ വരെ ഏകദേശം 4.5 കി.മീ ദൂരമാണുള്ളത്. ഇതിൽ 1 കി.മീ ദൂരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലാണ്. ടി നീളത്തിൽ റോഡ് നിർമ്മിക്കുന്നതിനായി ഏകദേശം 50.00 ലക്ഷം രൂപ ആവശ്യമാണ്. ഈ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ബാക്കി വരുന്ന റോഡ് PWD യുടെ അധീനതയിലാണ്.

4. **<u>എറണാകുളം ജില്ല.</u>**

- എറണാകുളം ജില്ലയിൽ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയെ തീരദേശ റോഡുകളുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ദേശീയ പാതയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന റോഡുകൾ ഒന്നും തന്നെ നിലവിലില്ല.

5. **<u>തൃശ്ശൂർ ജില്ല.</u>**

- തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിൽ നിന്നും ദേശീയ പാതയിലേയ്ക്കുള്ള റോഡ് ഉയർന്ന നിലവാരത്തോടുകൂടി പൂർത്തീകരിച്ചിട്ടുണ്ട്.

6. **<u>മലപ്പുറം ജില്ല</u>**

- മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച്റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

- മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ചുറോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പടിഞ്ഞാറെക്കര ഫിഷ് ലാന്റിംഗ് സെന്ററിനെ ദേശീയപാതയുമയി ബന്ധിപ്പിക്കുന്ന റോഡ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

7. **<u>കോഴിക്കോട് ജില്ല.</u>**

- കോഴിക്കോട് ജില്ലയിൽ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയെ ദേശീയ പാതയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന റോഡുകൾ ഒന്നും തന്നെ പുതുതായി നിർമ്മാണത്തിലില്ല.

8. **<u>കണ്ണൂർ ജില്ല.</u>**

- കണ്ണൂർ ജില്ലയിൽ വകുപ്പിന്റെ കീഴിൽ 5 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉണ്ട്. ഇവയിൽ ന്യൂമാഹി, ധർമ്മടം എന്നിവ ദേശീയപാതയുടെ പാർശ്വഭാഗത്ത് തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ച അപ്രോച്ച് റോഡുകൾ നിലവിലുണ്ട്.
- കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപ്പേട്ട ഫിഷ് ലാന്റിംഗ് സെന്ററിൽ നിന്ന് 400 മീറ്റർ നീളത്തിൽ തീരദേശ റോഡ് ദേശീയപാതയുമായി ബന്ധിപ്പിക്കുന്നുണ്ട്.
- കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്ററിനെ PWD യുടെ റോഡുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡ് നിലവിലുണ്ട്.

9. **<u>കാസർഗോഡ് ജില്ല</u>**

- കാസർഗോഡ് ജില്ലയിൽ ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന

റോഡുകൾ ഉപയോഗ യോഗ്യമായതിനാൽ ടി റോഡുകളുടെ നവീകരണത്തിനായി പുതിയ പദ്ധതികൾ ഒന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ